LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ശുദ്ധജല വിതരണ പദ്ധതി

60 (4668) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പഴശ്ശി-തലശ്ശേരി ശുദ്ധജലവിതരണ പ്രോജക്ടിന്റെ പ്രവർത്തനം ഏത് സ്റ്റേജിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) തലശ്ശേരിയിലെ ശുദ്ധജല വിതരണത്തിനുള്ള പൈപ്പുകളിൽ പഴകിയ പൈപ്പുകൾ മാറ്റുന്നത് സംബന്ധിച്ച പ്രവർത്തനം ഏത് സ്ഥിതിയിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി ശുദ്ധജല വിപുലീകരണ പദ്ധതിയുടെ കോണോർ വയലിൽ നിർമ്മിക്കുന്ന സമ്പിന്റെ നിർമ്മാണം 85% പൂർത്തിയായിട്ടുണ്ട്. നിലവിലുള്ള മൂന്ന് സംഭരണിലേയ്ക്കുള്ള പമ്പിംഗ് മെയിനിന്റെ എസ്റ്റിമേറ്റും കൊടുവള്ളിയിൽ നിന്നും കോണോർ വയലിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ എക്സ്റ്റൻഷനുള്ള പൈപ്പുകൾ ലഭ്യമല്ലാത്തതിനാൽ സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ സ്ഥാപിക്കുവാനുള്ള എസ്റ്റിമേറ്റും പരിശോധിച്ചു വരുന്നു. എന്നാൽ സമ്പിനും പമ്പ് ഹൗസിനും വേണ്ടി ലഭിച്ച സ്ഥലം ഒറിജനൽ പ്രൊപ്പോസലിൽ നിന്നും വ്യത്യസ്തമായതിനാൽ പമ്പിംഗ് മെയിനിന്റേയും ഗ്രാവിറ്റി മെയിനിന്റേയും നീളത്തിൽ വ്യത്യാസം വന്നതിനാൽ ആയതിന്റെ ഡീവിയേഷൻ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇങ്ങനെ ഒരു പ്രോജക്ട് ഇതുവരെയും ഇൻവെസ്റ്റിഗേറ്റ് ചെയ്തിട്ടില്ല.

(സി) തലശ്ശേരി പദ്ധതിയ്ക്കുവേണ്ടി നിലവിലുള്ള ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കാൻ 3761 ലക്ഷം രൂപയുടെ പ്രോജക്ട് ഹഡ്കോ/എൽ.ഐ.സി. ലോണിനുവേണ്ടി സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. ഇക്കാരണത്താൽ നിലവിലുള്ള പ്രിമോ പൈപ്പിന്റെ ജോയിന്റ് 17 ലക്ഷം രൂപ ചെലവ് ചെയ്ത് ബലപ്പെടുത്തിയിട്ടുണ്ട്.

എരിമയൂർ ഗ്രാമപഞ്ചായത്തിലെ ജലവിതരണ പദ്ധതികൾ

61 (4669) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-11-1998-ലെ ജി. ഒ. (എം.എസ്) നമ്പർ 125/98/ഐ. ആർ. ഡി. സർക്കാർ ഉത്തരവ് പ്രകാരവും 12-6-2000-ലെ ജി. ഒ. (എം. എസ്) നമ്പർ 44/2000/ഐ. ആർ. ഡി. പ്രകാരവും വാട്ടർ അതോറിറ്റിയുടെ 1050 സ്കീമുകൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ എരിമയൂർ ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും ജലവിതരണ പദ്ധതികൾ എന്നു മുതൽ ഈ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.